# അക്കാദമിക് പ്ലാൻ

## ഗ.വ ഹൈസ്കൂൾ കഴിവൂർ

(44009)

## ആമുഖം

വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പ്പുള്ളതാണ്, പക്ഷേ ഫലം മധുരമുള്ളതാണ്.

( അരിസ്റ്റോട്ടിൽ )

---

അധ്യാപനവും അധ്യയനവും ചേരുന്നതാണ് വിദ്യാഭ്യാസം. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് അറിവ്, വൈദഗ്ദ്യം, സംസ്കാരം തുടങ്ങിയവ പകർന്നു നൽകപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെ ആണ്.

ഒരു വ്യക്തിയുടെ വിജയത്തിന് അത്യാവശ്യമായ ഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. ജീവിതത്തെ ശരിയായ ദിശയിലേക്ക് നയിക്കാനുള്ള കഴിവ് വിദ്യാഭ്യാസത്തിനുണ്ട്. അറിവ് പകർന്നു നൽകുകയോ, നേടുകയോ ചെയ്യുന്നത് യുക്തിയുടെയും വിധി നിർണയത്തിന്റെയും കഴിവുകൾ വികസിപ്പിക്കുന്നതുമായ ഒരു പ്രക്രിയ ആണ് വിദ്യാഭ്യാസം.വളർന്നു വരുന്ന കുട്ടികളെ ചുറ്റുമുള്ള വിഷയങ്ങളോട് കൂടുതൽ പക്വമായ ധാരണയും,സംവേദനക്ഷമതയും ഉള്ള ഒരു ജീവിതത്തിനായി ഇത് ബുദ്ധിപരമായി തയ്യാറാക്കുന്നു. ഇത് ആളുടെ വ്യക്തി ജീവിതത്തെ മാത്രമല്ല അവരുടെ സമൂഹത്തെയും മെച്ചപ്പെടുത്തുന്നു. അതിനാൽ ജീവിതത്തിലും സമൂഹത്തിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അവഗണിക്കാൻ കഴിയില്ല. അറിവ്,വിശ്വാസം,കഴിവുകൾ ,മൂല്യങ്ങൾ ധാർമിക ശീലങ്ങൾ എന്നിവ വളർത്തുന്നു.വിദ്യാഭ്യാസം ജീവിതത്തെ മികച്ചതും കൂടുതൽ സമാധാനപരവുമാക്കുന്നു.

വിദ്യാഭ്യാസരംഗം ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ ആരംഭിച്ച മഹാപ്രക്രിയയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാർഥിക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കികൊണ്ട് അന്യമായ കേരള മാതൃക സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ഓരോ കുട്ടിയുടെയും അറിവും കഴിവും ഏറ്റവും മികവാർന്ന നിലവാരത്തിലേക്ക് വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്നും കൃത്യമായ ഒരു ആസൂത്രണം ആവശ്യമാണ്.

കലാകായിക രംഗത്തും ശാസ്ത്രീയ രംഗത്തും വിദ്യാർഥികളുടെ കഴിവുകളെ പഠനത്തോടൊപ്പം തന്നെ അധ്യാപകർ മുന്നോട്ട് കൊണ്ട് വരാൻ ശ്രമികുന്ന കാഴ്ചകൾ നമുക്ക് ഇപ്പോൾ കാണാൻ സാധിക്കും. സ്കൂളും പരിസരവും ഇപ്പോൾ പ്രകൃതിയാക്കി ഇണക്കിയും,ക്ലാസ്സുകളും സ്കൂൾ അന്തരീക്ഷവും കുട്ടികൾക്ക് അനുസൃതമായി മാറ്റി അധ്യാപകർ തന്നെ വലിയൊരു വിപ്ലവം സൃഷ്ടിചിരിക്കുകയാണ്. ഇത്തരം ആസൂത്രണത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടെയും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുവാൻ കഴിയൂ. ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഈ കാലഘട്ടങ്ങളിൽ ആർക്കും വിരൽത്തുമ്പിൽ ഓൺലൈൻ ആയി വിവരങ്ങൾ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ കഴിയും.അവർക്ക് പുതിയ കഴിവുകൾ പഠിക്കാനും അവരുടെ അറിവ് വർദ്ധിപ്പിക്കാനും കഴിയും.

കാലത്തിനനുസരിച്ചുള്ള കരിക്കുലം പരിഷ്കരണമാണ് അക്കാദമിക മികവിന്റെ ഭൂമിക. ഓരോ കുട്ടിയുടെയും അഭിരുചിയും വ്യത്യസ്തതയും തിരിച്ചറിഞ്ഞ് നീതിയിലധിഷ്ഠിതമായ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന പുരോഗമനപരമായ കാഴ്ചപ്പാട് മുൻനിർത്തി സമഗ്രമായ സ്കൂൾ പാഠ്യപദ്ധതിയാണ് നാം ലക്ഷ്യം വയ്ക്കുന്ന മാസ്റ്റർ പ്ലാൻ.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ എച്ച് എസ് കഴിവൂർ |
| വിലാസം | : കഴിവൂർ പി ഒ, നെല്ലിമൂട് |
| ഫോൺ | : 0471 2265131 |
| സ്കൂൾ കോഡ് | : 44009 |
| വിദ്യാഭ്യാസ ഉപ ജില്ല | : നെയ്യാറ്റിൻകര |
| വിദ്യാഭ്യാസ ജില്ല | : നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ബി ആർ സി | : നെയ്യാറ്റിൻകര |
| ഗ്രാമ പഞ്ചായത്ത് | : കാഞ്ഞിരംകുളം |
| ബ്ലോക്ക് പഞ്ചായത്ത് | : അതിയന്നൂർ |
| ജില്ലാ പഞ്ചായത്ത് | : തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : കോവളം |
| ലോകസഭാ മണ്ഡലം | : തിരുവനന്തപുരം |
| ഇ മെയിൽ | : panhs44009@gmail.com |

# അധ്യാപകരും ജീവനക്കാരും

Headmistress : 1

Teachers : 13

Clerk : 1

Office attendant : 2

FTM : 1

Pre Primary : Two Teachers + one Helper

## പൊതു ലക്ഷ്യങ്ങൾ

1. പൊതു സമൂഹത്തിന് മുന്നിൽ വിദ്യാലയത്തിന്റെ വിശ്വസ്തത വീണ്ടെടുക്കുക.
2. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
3. കുട്ടി അതാത് സമയത്ത് നേടേണ്ട അറിവും ശേഷിയും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളെ അറിയിക്കുക.
4. സർഗപരവും അക്കാദമികവും കായികവുമായ ശേഷികൾ പ്രോൽസാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
5. എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും എഴുതുവാനുമുള്ള കഴിവ് ആകർഷിച്ചു എന്ന് ഉറപ്പുവരുത്തുക.
6. ഇപ്പോൾ നിലവിലുള്ള ബോധനരീതി, മൂല്യനിർണയ രീതി,പിന്തുണാ പ്രവർത്തനങ്ങൾ എന്നിവ പര്യാപ്തമാണോ എന്ന് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
7. കുട്ടികളുടെ നൈസർഗിക കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും ആസ്വാദനശേഷി ഉണർത്തുന്നതിനും സ്പെഷ്യൽ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുക.
8. സാമൂഹികവും, സാമ്പത്തികവുമായ കാരണങ്ങളാൽ പുറത്താക്കപ്പെടുന്നവരുടെ കുട്ടികൾക്ക് ആവശ്യമായ എല്ലാ പിന്തുണയും ഉറപ്പുവരുത്തുക.
9. സ്വതന്ത്രമായി ചിന്തിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും ഭയ രഹിതമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതിനും അവസരം ഒരുക്കുക.
10. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പഠന പരിപോഷണ ശ്രദ്ധ,Gotech,എന്നീ പരിപാടികളിലൂടെ മുൻ നിരയിലേക്ക് എത്തിക്കുക.
11. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ ഉറപ്പ് വരുത്തുക.
12. സ്വയം പഠനവും, സഹ പഠനവും വഴി പരമാവധി അറിവ് ആർജിക്കുവാൻ അവസരം ഒരുക്കുക.
13. വിദ്യാലയവും, വിദ്യാലയ അന്തരീക്ഷവും ലഹരി മുക്തമാണെന്ന് ഉറപ്പിക്കുക.
14. സ്കൂളുകളിൽ കാർഷിക സംസ്കാരം വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.

15.സ്കൂളിന്റെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക.

16. PTA, SMC, SMDC തുടങ്ങിയവയെ ഏകോപിപ്പിച്ച് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.

17.വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരികുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കുക. അതുവഴി അന്വേഷണാത്മക, പരീക്ഷണാത്മക പഠന രീതി ഉറപ്പുവരുത്തുക.

18.കലാ വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കുക.

19.മതനിരപേക്ഷത,ജനാധിപത്യബോധം,തുല്യത,സഹപ്രവർത്തിത്വം, സഹകരണം തുടങ്ങിയ മൂല്യബോധങ്ങൾ വളർത്താൻ ആവശ്യമായ പഠന പ്രക്രിയകളും, പഠനാന്തരീക്ഷവും ഒരുക്കുക.

20.പൂർവാധ്യാപക,പൂർവ വിദ്യാർഥി സംഗമം നടത്തുക.

21.പാരിസ്ഥിതിക സാമൂഹിക മാലിന്യനിർമാർജന ശാസ്ത്രാവബോധങ്ങൾ വളർത്തിയെടുക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

22.പോഷക സമ്പുഷ്ടമായ ഭക്ഷണം ലഭീകുന്നു എന്ന് ഉറപ്പ് വരുത്തുക. പാചകപുരയും ഭക്ഷണ വിതരണ രീതികളും ആരോഗ്യ പ്രദമാണെന്ന് ഉറപ്പുവരുത്തുക.

---

# ഗവ. ഹൈസ്കൂൾ കഴിവൂർ

## വിദ്യാലയ ചരിത്രം

കാഞ്ഞിരംകുളം പഞ്ചായത്തിൽ കഴിവൂർ ദേശത്ത് ശ്രീ വില്യം മാനേജരുടെ നേതൃത്വത്തിൽ രത്നവിലാസം എൽ.പി സ്കൂൾ പ്രവർത്തിച്ചു വന്നു. അവസാന മാനേജരായ ശ്രീ ബോവസ് വില്യത്തിന്റെ ഭരണകാലത്ത് സ്കൂളിന്റെ പ്രവർത്തനം നിലച്ചു. തുടർന്ന് ഈ സ്ഥാപനത്തിന്റെ സാമൂഹിക പിന്നോക്ക അവസ്ഥയും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പരിഗണിച്ച് അന്നത്തെ കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡൻറ്റും സ്ഥലം എം.എൽ.എ യും ആയിരുന്ന കുഞ്ഞുകൃഷ്ണൻ നാടാർ അവർകളുടെ ശ്രമഫലമായി പഞ്ചായത്ത് എൽ. പി സ്കൂൾ ആയി. 1960 ൽ ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1966 ൽ യു.പി സ്കൂൾ ആയും, 1976 ൽ ഹൈസ്കൂൾ ആയും അപ്ഗ്രേഡ് ചെയ്തു. സ്കൂളിന്റെ ആദ്യ പ്രഥമാദ്ധ്യാപകൻ ശ്രീ. കെ.രാമൻ പിള്ള യും ആദ്യത്തെ വിദ്യാർഥി കഴിവൂർ വേങ്ങ നിന്ന കിഴക്കരിക് വീടിൽ എസ് ശാരദയുമാണ്. 2010 ജനുവരി 1 ന് സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു .2020 ന് ഗവ ഹൈസ്കൂൾ കഴിവൂർ എന്ന് പുനർനാമം ചെയ്യപ്പെട്ടു.

LKG മുതൽ 10 വരെ ക്ലാസ്സുകളുള്ള ഈ വിദ്യാലയത്തിൽ 150 ഓളം കുട്ടികളും ഒരു പ്രത്യമാധ്യാപികയും, 13 അധ്യാപകരും, 4 അനധ്യാപകരും നിലവിൽ ഉണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിൽ 2 അധ്യാപകരും ഒരു ആയയും ഒരു CWSN Resource ടീച്ചറിന്റെയും,ജില്ലാ പഞ്ചായത്ത് നിയമിച്ച ഒരു ലൈബ്രേറിയന്റെ സേവനം നമുക്ക് ലഭിക്കുന്നുണ്ട്.

തുടർച്ചയായി മികച്ച വിജയം നമ്മുടെ സ്കൂളിന് ലഭിച്ചുകൊണ്ടിരികുന്നു. നമ്മുടെ സ്കൂളിലെ വിദ്യാർഥികൾ വിവിധ തലങ്ങളിൽ യുവജനോൽസവത്തിനും,ശാസ്ത്രമേളയിലും പങ്കെടുത്ത് സംസ്ഥാനതലത്തിൽ പോയി സ്കൂളിന്റെ യശസ് ഉയർത്തി സംസ്കൃതോൽസവത്തിലും ഓവറോൾ സെക്കൻഡ് നേടി കുട്ടികൾ അവരുടെ മികവ് തെളിയിച്ചു.

നമ്മുടെ വിദ്യാലയത്തിലെ ശക്തമായ PTA യും SMC യും സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നല്കി വരുന്നു. പ്രവേശനോത്സവം മുതൽ എല്ലാ ദിനാചാരണങ്ങളും വിജയകരമായി നടത്തുന്നു. ഗാന്ധിദർശൻ ,വിദ്യാരംഗം, പരിസ്ഥിതി ക്ലബ്,സയൻസ് ക്ലബ്, ഹിന്ദി ക്ലബ്, സംസ്കൃതം കൗൺസിൽ തുടങ്ങിയവ വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഒന്ന് മുതൽ ഒൻപതു വരെയുള്ള കുട്ടികൾക്ക് പ്രതേകിച്ചും പഠനത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്കായി Remedial Teaching നല്കുന്നു. SSLC കുട്ടികൾക്കായി രാവിലെയും വൈകുന്നേരവും സ്പെഷ്യൽ ക്ലാസ് നടത്തി വരുന്നു. ശ്രദ്ധ, ഗോ-ടെക് എന്നിവയും വിജയകരമായി നടക്കുന്നു. പഠന യാത്രകൾ, ഉച്ചഭക്ഷണം, പാൽ, മുട്ട എന്നിവയുടെ വിതരണവും സർക്കാരിന്റെ ത്രിതല പഞ്ചായത്തുകളുടെയും സഹായം സ്കൂളിന് ലഭികുന്നത് സ്കൂളിനെ പുരോഗതിയിലേക്ക് നയിക്കുന്നു.

..........................................................................................................................................

# ഭാഷ  ഒന്നാം ക്ലാസ്

## ലക്ഷ്യം 1.

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | PTA |
| 1. ടീച്ചർ കഥ ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു.<br>2. വീട്ടുവായന – രക്ഷിതാക്കൾ പുസ്തകങ്ങൾ  വായിച്ച് കേൾപ്പിക്കുന്നു.<br>3. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.<br>4. ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.<br>5. ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും ഉള്ള സാധ്യതകൾ ഒരുക്കൽ. | ജൂലൈ | ക്ലാസ് ടീച്ചർ. SRG | SRG |
| 1. വായന കേളികൾ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.<br>2. കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കാൻ അവസരം. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ. | SRG |
| 1. ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>2. ചിത്രവായനകാർഡുകൾ തയ്യാറാക്കൽ. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ. SRG | SRG |

| | | | |
|---|---|---|---|
| 1. ലളിതമായ വായനകാർഡുകൾ അധ്യാപകരുടെ സഹായത്തോടെ വായിക്കുന്നു.<br>2. വേദികളിൽ സ്വതന്ത്രമായി കഥപറയൽ. | ഒക്ടോബർ | ക്ലാസ് ടീച്ചർ. SRG | SRG |
| 1. ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി കഥ പറയുന്നു. | നവംബർ | ക്ലാസ് ടീച്ചർ. | SRG |
| 1. ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പികുന്നു. കുട്ടികൾ വായിക്കുന്നു.<br>2. വായനകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | ജനുവരി | ക്ലാസ് ടീച്ചർ. MPTA | PTA |
| 1. ചെറിയ ബാല സാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>2. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ. SRG MPTA | PTA |
| 1. ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നു.സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ. | SRG |

**ലക്ഷ്യം 2.** എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

1. ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ.
2. ഡയറി എഴുത്ത്,കഥ പൂരിപ്പിക്കൽ ( സഹായത്തോടെ ).
3. കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ.
4. കത്തെഴുത്ത് – കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാ ശില്പശാലകൾ.
5. ലഘു വീഡിയോ പ്രദർശിപ്പിച്ച് അതിൽ നിന്നും ചോദ്യോത്തരങ്ങൾ കണ്ടെത്തി എഴുതുന്നു.

മേഖല : അക്കാദമികം
ഉപ മേഖല : ഭാഷ
ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി. | കുട്ടികളുടെ നിലവിലുള്ള അവസ്ഥ,കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു. | ജൂൺ | SRG, SMC | SRG |
| ആശയ ഗ്രഹണ വായന ഉറപ്പാക്കുക. | ചിത്രക്കാർഡുകൾ നൽകൽ ,വായന സാമഗ്രികൾ നിർമിക്കൽ. | ജൂലൈ | അധ്യാപകർ SRG | SRG |
| വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുക | 1.ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കുന്നു.<br>2.രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തുന്നു.<br>3.വീട്ടു ലൈബ്രറി ഒരുക്കുന്നു. | ഓഗസ്റ്റ് | അധ്യാപകർ SRG,SMC രക്ഷിതാക്കൾ | SRG,SMC |
| വായിച്ചു കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ. | വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കുന്നു. കഥയിൽ നിന്ന് സംഭാഷണം ഒരുക്കുന്നു. കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കുന്നു. | സെപ്റ്റംബർ | SRG,SMC | SRG |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്. | ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ, ലഘുപതിപ്പുകൾ | ഒക്ടോബർ, നവംബർ | SRG,SMC, മദർ PTA | മദർ PTA |
| സർഗാത്മകതയെ തട്ടിയുണർത്താം | രചനാ ശില്പശാല, കഥ, കവിത രചനകൾക്കുള്ള വേദി ഒരുക്കൽ | ഡിസംബർ ജനുവരി | അധ്യാപകർ SMC പ്രമുഖ വ്യക്തികൾ | SRG,SMC |

| | | | | |
|---|---|---|---|---|
| എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്ന് ഉറപ്പ് വരുത്തൽ | സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള അവസരം ഒരുക്കുക. | ഫെബ്രുവരി | അധ്യാപകർ SRG,SMC | SMC |
| വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ | ഇൻലന്റെ മാഗസിൻ തയ്യാറാക്കൽ, കൈയെഴുത്ത് മാസിക തയ്യാറാക്കൽ, വീട്ടുവായന,നാട്ടുവായന, ഇവ പ്രോത്സാഹിപ്പിക്കൽ | മാർച്ച് | അധ്യാപകർ SRG,SMC | SRG,SMC |

## മേഖല : അക്കാദമികം
## ഉപ മേഖല : ഭാഷ
## ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1.കവികളെ കുറിച്ചുള്ള ആൽബം തയ്യാറാക്കാം,<br>2.പുസ്തക ശേഖരണം പ്രദർശനം. | ജൂൺ , ഡിസംബർ | അധ്യാപകർ SMC | SMC |
| വായന പരിപോഷണം | 1. പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>2. വായനക്കളരി<br>3. പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | നവംബർ , മാസംതോറും, ആഗസ്റ്റ് | M PTA,Clubs വായനശാല SRG,SMC | SRG,SMC |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായ പിന്നോക്കം നിൽകുന്നവർക്ക് പ്രത്യേക പരിശീലം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നവരെ | ക്ലാസ് ടീച്ചർ. SRG | PTA ഫണ്ട് |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം,ക്ലാസ് ലൈബ്രറി ഒരുക്കൽ,പുസ്തക പരിചയം, വായനാകുറിപ്പ്, ആസ്വാദന കുറിപ്പ് | വർഷം മുഴുവൻ | HM, ക്ലാസ് ടീച്ചർ. SRG, CPTA | PTA ഫണ്ട് |

| | | | | |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും, പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. SRG | PTA ഫണ്ട് |

| | | | | |
|---|---|---|---|---|
| നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമാണം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ. SRG, PTA | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ ദിനങ്ങൾ ആചരിക്കൽ, പുസ്തക പരിചയം, ക്വിസ് , ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് നിർമാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. SRG, CPTA | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോടെ തയ്യാറാക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM, SRG, CPTA ക്ലാസ് ടീച്ചർ. | |

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യൂ മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# അക്കാദമിക പ്ലാൻ - മലയാളം UP / HS

Short-Team

| Sl No | പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൌതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പഠനബോധന പ്രക്രിയയുടെ ഭാഗമായി കുട്ടികൾക്ക് ആശയവുമായി ബന്ധപ്പെട്ട ചിത്ര പ്രദർശനം.<br>2. ചിത്രത്തിൽ നിന്ന് വാക്ക് – വാക്യം, ഖണ്ഡിക രൂപീകരണം, കഥ പൂർത്തീകരണം.<br>3. എല്ലാ കുട്ടികൾക്കും പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകം വായനാ മൂലയിൽ നിന്നും തിരഞ്ഞെടുക്കുവാനുള്ള അവസരം നല്കുന്നു.<br>4. പാഠഭാഗവുമായി ബന്ധപ്പെട്ട പത്ര കട്ടിങ് നവ മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി കഥാരചന,കവിതാരചന, ചിത്രരചന,ഉപന്യാസം,സംഭാഷണം,പ്രസംഗം എന്നിവയിൽ മെച്ചപ്പെട്ടവ തിരഞ്ഞെടുത്ത് പതിപ്പ് ആക്കി മാറ്റുന്നു.<br>5. പിന്നോക്കം നിൽകുന്ന കുട്ടികൾക്കായി ICT അക്ഷരകാർഡ്, വാക്കുകൾ, വാക്യങ്ങൾ എന്നിവ നല്കി വാക്കുകൾ നിർമിക്കുന്നതിനും വാക്യങ്ങൾ പറയുന്നതിനും,എഴുതുന്നതിനും അവസരം നല്കുന്നു.<br>6. സ്വരാക്ഷരം അറിയാത്ത കുട്ടികൾക്ക് ഓരോ അക്ഷരങ്ങളും ചിത്ര സഹായത്താൽ പരിചയപ്പെടുത്തുന്നു. (ഭിന്ന ശേഷിക്കാരെ പ്രത്യേകം പരിഗണിക്കുന്നു). | 1 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ<br>പത്രം, മാസിക<br>ICT, മലയാളം | ഗ്രന്ഥശാല, Diet, SCERT<br>ലൈബ്രറി, BRC<br>ഭിന്നശേഷി ട്രയിനർ BRC |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. പഠിപ്പിച്ച പാഠഭാഗങ്ങളിൽ നിന്നുള്ള വാക്കുകൾ ഉൾപ്പെടുത്തികൊണ്ട് നിഘണ്ടു നിർമാണത്തിന് ക്ലാസ്സിൽ അവസരം നല്കുന്നു.<br>2. വായനാ മൂലയിൽ നിന്നും ലഭിച്ച പുസ്തകങ്ങൾ അധികമായി കുട്ടി ശേഖരിച്ച് വായിച്ച പുസ്തകങ്ങൾ എന്നിവയുടെ അവതരണം.<br>3. പാഠഭാഗവുമായി ബന്ധപ്പെട്ട് പത്ര വായനയിൽ നിന്ന് കുട്ടിക്ക് ലഭിച്ച അറിവ് അവതരിപ്പിക്കുന്നതിനുള്ള അവസരം നല്കുന്നു<br>4. വായനാക്കൂട്ടത്തിൽ എല്ലാ നിലവാരത്തിലും ഉള്ള കുട്ടികളെ ഉൾകൊള്ളിച്ച് കൊണ്ട് ഗ്രൂപ്പുകൾ രൂപീകരിച്ച് അവരുടെ കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നല്കുന്നു<br>5. ഒരേ നിലവാരത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് അവർക്ക് അനുയോജ്യമായ സാമഗ്രികൾ കാർഡുകൾ എന്നിവ നല്കി വിലയിരുത്തുന്നു.<br>6. പദകേളി, വായനാകേളി, അക്ഷര ശ്ലോകം അക്ഷര ശ്ലോകം, കവിതാരചന , കഥാരചന പ്രസംഗം , ഉപന്യാസം, സംവാദം, മുഖപ്രസംഗം, വാർത്ത തയ്യാറാക്കൽ, സെമിനാർ,ചിത്രരചന, ദൃക്സാക്ഷി വിവരണം, വിവിധ ശേഖരണം , കാർട്ടൂൺ രചന,നാടകം , നാടൻ കലകൾ / കലാരൂപങ്ങൾ - വിവരണം അവതരണം – വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തുന്നു.<br>7. അഭിമുഖം നടത്തുന്നതിന് അവസരം.<br>8. ദിനാഘോഷവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ്.<br>9. സ്കൂളിലെ ഒരു മാസത്തെ വാർത്തകൾ ഉൾപ്പെടുത്തികൊണ്ട് സ്കൂൾ പത്രം കുട്ടിക്ക് ലഭിച്ച അറിവിന് അനുസരിച്ച് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br><br>5 ടു 8 പത്രം | ലൈബ്രറി,<br>ഗ്രന്ഥശാല<br>ICT<br><br>ഗ്രന്ഥശാല<br>ICT<br><br>5 ടു 10 class<br><br>പത്രം, പുസ്തകം | ലൈബ്രറി,<br><br>ടീച്ചർ BRC<br>PTA<br><br>ലൈബ്രറി |

| | | | | | |
|---|---|---|---|---|---|
| | | 10. വായനാമൂല, ലൈബ്രറി എന്നിവ കുട്ടികൾക്ക് തയ്യാറാക്കാൻ അവസരം.<br>11. വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കി അവതരണം.<br>12. വിക്കി പീഡിയ പരിചയപ്പെടൽ.<br>13. വായനാനുഭവം പങ്കുവയ്ക്കൽ.<br>14. Tr's, ട്രെയിനിങ് Tr's, എന്നിവരുടെ സേവനം ലഭ്യമാക്കുക.<br>15. സാഹിത്യ ശില്പശാല നടത്തി കുട്ടികളുടെ സർഗ്ഗസൃഷ്ട്ടി പ്രോത്സാഹിപ്പിക്കൽ. | | | |

| Sl No | പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൌതികം | പിന്തുണ |
|---|---|---|---|---|---|
| 3 | മികച്ച എഴുത്തുക്കാരൻ | - വായനയ്ക്ക് അവസരം നൽകൽ<br>- വിവര സാങ്കേതിക പ്രവർത്തനങ്ങളിലൂടെ ക്ലാസ്സിലെ പഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.<br>1.പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ വ്യത്യസ്ഥ രീതിയിൽ വ്യാഖാനിച്ച കഥ , കവിത, ചിത്ര രചന, നാടകം, കാർട്ടൂൺ , തിരക്കഥ, സംഭാഷണം, ഹ്രസ്വചിത്രം, ഉപന്യാസം ദൃക്സാക്ഷി വിവരണം, എന്നിവ വിവിധ പ്രസിദ്ധീകരണങ്ങളിലേക്ക് അയക്കുന്നതിനുള്ള അവസരം നല്കുന്നു.<br>2. സാഹിത്യകാരെ തിരിച്ചറിയൽ / തരംതിരിക്കൽ (കവി, കാർട്ടൂണിസ്റ്റ് കഥാകൃത്ത് ,നോവലിസ്റ്റ് ) തങ്ങളുടെ രചനകൾ നിരൂപണം ചെയ്ത് പതിപ്പ് തയ്യാറാക്കൽ. | ജൂൺ ടു മാർച്ച് | | 5 to 10<br>PTA BRC<br>ലൈബ്രറി |

| | | | | | |
|---|---|---|---|---|---|
| | | അഭിമുഖം (എഴുത്ത് കാരുമായി )<br>പത്രവാർത്ത ഉൾപ്പെടുത്തികൊണ്ട് ശാസ്ത്ര വാർത്ത,കൌതുക വാർത്ത ,സാഹിത്യവുമായി ബന്ധപ്പെട്ട വാർത്തകളുടെ ശേഖരണം. ചുമർ പത്രിക,ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് നിർമാണം.<br>സ്കൂൾ മാഗസിൻ /ക്ലാസ് മാഗസിൻ നിർമാണം<br>ശില്പശാല (കഥാരചന,കവിതാരചന ,നാടൻ പാട്ടുകൾ, ചിത്ര രചന ) സംഘടിപ്പികുന്നു.<br>ബാലസഭ രൂപീകരണം,കവിയരങ്ങ്,സർഗ്ഗവേദി<br>സാഹിത്യവാസന,മെച്ചപ്പെടുത്തുന്നതിനായി മികച്ച കഴിവുള്ള ടീച്ചേർസിന്റെ സേവനം ലഭ്യമാക്കുന്നു.<br>3. മികച്ച അഭിനേതാക്കളെ കണ്ടെത്തി രക്ഷിതാക്കളുടെ മുന്നിൽ പ്രദർശിപ്പിക്കുകയും,അവാർഡ് നല്കുന്നതിനുള്ള അവസരവും നല്കുന്നു.<br>4. കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുന്ന ഭിന്നശേഷിക്കാരുംഅവരുടേതായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നല്കുന്നു.<br><br>തയ്യാറാക്കിയത്<br><br>ദയ ടീച്ചർ 8 മുതൽ 10 വരെ<br><br>സോജ ടീച്ചർ 5 മുതൽ 7 വരെ | | | |

## ഇംഗ്ലീഷ് ക്ലാസ് -1

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം | മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | SSA |

## ഇംഗ്ലീഷ് ക്ലാസ് -II

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ. | Let's talk.......പ്രതിഭാധനരുമായി സംവാദിക്കൽ.<br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | 3 മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ച്ചയിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ<br>SMC | SSA |

ഇംഗ്ലീഷ് ക്ലാസ് -III

| Aims | Activities | Time | In charge |
|---|---|---|---|
| Pretest –<br>To develop listening skills & reading skills.<br>First – Listening Skills | Games, Action songs, Hello English, Activities, conversation, Skit, Stories, Use ICT. | June & July | English Teacher |
| Speaking Skills | 1. Identify the naming words from the picture, Identify the auction words from the picture.<br>2. Make the simple sentences using the word about picture.<br>3. Growing sentences, picture reading, Self introductions. | August & September | English Teacher |
| Develop the creative speaking and writing<br>Reading Skills | 1. Books reading<br>2. Find words<br>3. Collect & Read past tense<br>4. Rhyming words<br>5. T B Activities | October & November | English Teacher |
| Writing Skills | 1. Make word web picture<br>2. Picture discription<br>3. Word Chain<br>4. Make words & Sentences<br>5. Make riddles conversation<br>6. Add more lines | January, February & March | English Teacher |

## ഇംഗ്ലീഷ് ക്ലാസ് -IV

| Aims | Activities | Time | In charge | |
|---|---|---|---|---|
| Speak, Read & Write English without any mistakes. | To check the vocabulary & writing skills of pupils. | June to March | English Teacher | |
| To develop listening skills & reading skills. | Games, Action song, conversations, Use ICT | June & July | English Teacher | |
| Develop the creative speaking & writing. | Books reading, Rhyming words, TB Activities, Picture description. | August & September | SRG Teacher | |
| To express thoughts feelings Etc.. | Library books reading, Develop stories, Description thoughts. | October & November | SRG Teacher | |
| Develop the creative Speaking & Writing. | Library books reading, stories, conversations, Skit, Use ICT and Reads Dairy. | December & January | SRG Teacher | |
| To improve the presentation power. | Library books reading, Dairy description thoughts, Exhibition. | February & March | SRG,SMC Teacher | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ – നവംബർ |

<u>പത്താംതരം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

| लक्ष्य | प्रक्रिया | समय |
| --- | --- | --- |
| अक्षर, चिह्न आदि पहचानना, उच्चारण का अवबोध देना<br>अक्षर लिखने के-लिए, वाचन करने के लिए और ढूँढने का ज्ञान देना। | अक्षरों से भरा हुआ फ्लाश कार्ड देती है।<br>अक्षर का उच्चारण करवाती है।<br>दृश्य -श्रव्य माध्यमों की सहायता से उच्चारण का ठीक प्रयोग जानती है। | हृस्व जून जुलाई |
| हफ्तों का नाम, गिनती का ज्ञान देनी है। | कक्षा के हर छात्र को अपनी जन्म तिथि का हिन्दी लिखने को आदेश देता है। वर्क-शीट देती है। हिन्दी कलेंडर बनाती है। | मध्यकाल अगस्त सितंबर |
| हिन्दी अनायास से वाचन करने के लिए तैयार करती है। वाचन प्रक्रिया के लिए अधिक महत्व देता है।<br>कार्टून, सिनेमा, चित्रकथा आदि का आशय प्रकट करवाती है। | सुलेख, पदसूर्य, प्रश्नोत्तरी, आदि देती है।<br>चित्रकथा, कार्टून, कविता, आदि वाचन के लिए देता है।<br>पाठ जल्दी पता चलने के लिए दृश्याभास करवाती है।<br>सिनेमा दिखाकर पाठ का ज्ञान देने का भी कोशिश करती है। | दिसंबर जनवरी |

| लक्ष्य | प्रक्रिया | समय |
|---|---|---|
| हिन्दी लिखने और वाचन करने में - पिछडे वाले बच्चों को ढूँढकर उन्हें ज़्यादा मदद देना। | → वर्कशीट देना<br>→ चित्रों से भरा पुस्तक देना<br>→ चित्रकथा पढ़ने के लिए देना<br>→ श्रुतलेख देना<br>→ दृश्य - श्रव्य माध्यमों का सहाय देना | जून - जुलाई |
| नाम, कक्षा, स्कूल का नाम लिखवाना | मलयालम और अंग्रेज़ी शब्दों की सहायता से हिन्दी में स्वयं अपना नाम लिखवाने के लिए अवश्यक मदद देना<br>जैसे :- Jithu, ജിത്തു, जित्तु | अगस्त |
| संज्ञा, सर्वनाम, विशेषण आदि का ज्ञान देना।<br>छोटी - छोटी नारे और वाक्यों को लिखने का ज्ञान देना। | → चार्ट देता है।<br>→ उसी में से संज्ञा, सर्वनाम, विशेषण ढूँढने का प्रयास करती है।<br>→ कविता, कहानी आदि को पूरा करने के लिए देता है।<br>→ सूचना बोर्ड का प्रदर्शन कक्षा में करवाती है। | अगस्त सितंबर |
| ब्लर्ब, हाइकू आदि का परिचय | → पुस्तकों का वाचन करके अंत में पाँच या छह वाक्यों में सारांश लिखना। | एक साल |

| लक्ष्य | प्रक्रिया | समय |
|---|---|---|
| बच्चों के भाषा निपुणता के लिए भाषा-तत्वों से भरा वर्क शीट देना | → नाटकों का रंगमंचीकरण<br>→ संदर्भ के अनुरूप वाक्यों का निर्मिती<br>→ वार्तालाप तैयार करना | जून-जुलाई |
| भाषा में अभिरुचि पैदा करना. हिन्दी-में असंबली करना, उत्घोषणा बनाना | → कवितापाठ, कहानी वाचन, पोस्टर तैयार आदि करवाती है।<br>→ संदर्भ देकर वाक्यों के सहायता से उत्घोषणा का प्रस्तुतीकरण | अगस्त-सितंबर अक्तूबर |
| विविध तरह की आशय ग्रहण करता है। कहानी को नाटक, पटकथा आदि में बदलता है। सिनेमा का संक्षेपण करवाता है। हाइकू स्वयं लिखने का प्रयास करता है। डायरी, पत्र, आस्वादन आदि का परिचय। | → पाठ भाग देकर पात्रों के लिए चरित्र-चित्रण तैयार करवाती है।<br>→ हर दिन डायरी लिखने का आदेश देता है।<br>→ हाइकू लिखने की प्रेरणा देती है। | नवंबर से जनवरी तक |

മേഖല : അക്കാദമികം
ഉപ മേഖല : ഭാഷ
ക്ലാസ് : I

| പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്,ഗണിതക്യാമ്പ്,ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | ജൂൺ - മാർച്ച്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | SSA |

ക്ലാസ് : II

| പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ<br>ഗണിതക്യാമ്പ് ഗണിതകളിയിലൂടെ | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പ ശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

ക്ലാസ് : IV

## കളിക്കാം ഗണിക്കാം

| പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ഗണിത പഠനം രാസകരമാക്കൽ,(ചതുഷ് ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ<br><br>മൂല്യ നിർണയം (ഏണിയും,പാമ്പും ഡയസ് കളി)<br><br>സങ്കലനം –വ്യവകലനം (കച്ചവടക്കളി ) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |

## ഒറിഗാമിയിലൂടെ പഠിക്കാം

| പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനം രാസകരമാക്കൽ, കാരചലന ശേഷി വികാസം | ഒറിഗാമിരൂപങ്ങളുടെ നിർമാണ പ്രദർശനം. | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | PTA |

## ഗണിതലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ -പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |

## ഗണിതചുമർ

| | | | | |
|---|---|---|---|---|
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |

## ഗണിത പഠനോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം – പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

## ഗണിത മേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി പസ്സിൽ,പാറ്റേൺ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ | PTA |

യു പി ഗണിതം

| പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു.<br>2. രസകരമായ ഗണിതശാസ്ത്ര പഠനവും കാരചലന ശേഷികളുടെ വികാസവും<br>3. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ. | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>**ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരികുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ.<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ,ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ. | ജൂൺ മാസം<br>വർഷത്തിൽ ഒരിക്കൽ<br>ആവശ്യാനു സരണം | ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ<br>ഗണിത അധ്യാപകരും, | |

| | | | | |
|---|---|---|---|---|
| 4. ഗണിതം മധുരമാക്കൽ.<br><br>5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ.<br><br>6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു<br><br>7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കന്നു.<br><br>8. വിവിധ ശേഷികളുടെ വികസനം | **<u>ഗണിത പാർക്ക്</u>**<br>ജ്യാമിതീയ രൂപങ്ങളുടെ പ്രാധാന്യം നല്കി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ.<br>**<u>ഗണിത ഗ്രാമം</u>**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലയിലും പ്രവർത്തിക്കുന്നവർ ) പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.<br><br>**<u>ഐ.ടി സാധ്യതകളിലൂടെ</u>**<br>ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ. ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു.<br>**<u>ഗണിതക ക്ലീനിക്ക്</u>**<br>ഗണിതത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നിറയില് നിൽകുന്ന കുട്ടികളും ചേർന്ന് വാണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നല്കുന്നു.<br>**<u>ദിനാചരണം</u>**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പികുന്നു. | ഒരു പ്രാവശ്യം<br><br>വർഷത്തിൽ അഞ്ചോ ആറോ തവണ<br><br>മാസത്തിൽ ഒരു പ്രാവശ്യം<br><br>ആഴ്ചയിൽ ഒരു പിരീഡ്<br><br>ആവശ്യാനുസരണം | ഗണിത ക്ലബ്ബിലെ അംഗങ്ങളും.<br><br>ഗണിതക്ലബ്<br><br>ഗണിത അധ്യാപകരും, ഗണിതക്ലബ് ലീഡർമ്മാർ<br><br>ഗണിത അധ്യാപകർ<br><br>ഗണിത അധ്യാപകരും, സമർഥരായ കുട്ടികളും<br><br>SRG | ഗണിതക്ലബ് PTA<br><br>PTA |

# മേഖല - ഹൈസ്കൂൾ - ഗണിതം

| പദ്ധതി / ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീടെസ്റ്റ്, ലിങ്ക് തയ്യാറാക്കൽ, മാത്സ് ക്ലിനിക്. | ജൂൺ ആദ്യവാരം | അദ്ധ്യാപകർ, മുന്നോക്കം നിൽകുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ. | ഇൻസ്ട്രുമെൻ്ററിന്റെ ലഭ്യത, ശില്പശാലകൾ. | തുടർ പ്രവർത്തനം | അദ്ധ്യാപകർ, | ടീച്ചേർസ് ഗ്രാൻ്റ് |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക. | ഫീൽഡ് ട്രിപ്പ് സംഘടിപ്പികുന്നു. | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ, PTA | PTA |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാലകൾ നടത്തുന്ന ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പികുന്നു. | വർഷത്തിൽ ഒരിക്കൽ | അധ്യാപകരും, ഗണിതക്ലബ് | PTA |
| സംഘബോധം ഉണ്ടാക്കൽ. | സംഘ പഠനം | തുടർപഠനം | അദ്ധ്യാപകർ, സംഘതലവൻ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത്, ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരികുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി, കൺവീനർ, മുതിർന്ന അദ്ധ്യാപകർ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ. | ഗണിത ഗ്രാമം,കുട്ടികൾ കൂടാതെ സമീപ പ്രദേശത്തെ ഗണിത അധ്യാപകരുടെ കൂട്ടായ്മയും. | ശനിയാഴ്ച മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിതക്ലബ് മാനേജ്മെന്റ് |
| ഗണിത മൽസരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ , മൽസരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ, PTA | PTA |
| ഗണിത ലാബ് | ശില്പ ശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകർ, PTA | PTA |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു PTA നടത്തുന്ന ചുമതലകൾ നല്കുന്നു. | എല്ലാ അധ്യാപകരും | HM, അധ്യാപകർ, PTA പ്രസിഡന്റെ | |

മേഖല : അക്കാദമികം

<u>സംസ്കൃതം</u>

<u>ക്ലാസ് - 5,6,7</u>

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br><br>യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളുടെ പദങ്ങളും ഉറപ്പിക്കൽ. | 1.ഭാഷാജ്ഞാനം<br>➢ അക്ഷരം എഴുത്ത്.<br>➢ ചിഹ്നം എഴുത്ത്<br>➢ അക്ഷര കാർഡ്<br>➢ വാക്കുകൾ എഴുതിയ കാർഡ്<br>➢ ക്ലാസിൽ അക്ഷരമാല പ്രദർശനം<br>➢ അക്ഷരമാല കളികൾ<br>➢ അക്ഷരമരം നിർമിക്കൽ<br>➢ കാർട്ടൂൺ പ്രദർശനം<br>➢ പാട്ടുകളും കഥകളും കേൾപ്പിക്കൽ | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA,<br>റിസോർസ്<br>അധ്യാപിക |
| | 2.പറയാം പഠിക്കാം<br>➢ ചിത്രങ്ങളുടെ പേര് പറയൽ<br>➢ ചിത്രകഥകൾ.<br>➢ ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ. | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോർസ്<br>അധ്യാപിക |
| **<u>വീട് ഒരു പരീക്ഷണശാല</u>**<br>കാണുന്നതും കേൾകുന്നതും ഉപയോഗികുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക . | ➢ വീട്ടിൽ ഉപയോഗികുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>➢ ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |

| | | | | |
|---|---|---|---|---|
| **<u>വായനാ ലോകം</u>**<br>കുട്ടിയെ വായനയുടെ ലോകത്ത് കൊണ്ടുവൽ . | തിരഞ്ഞെടുത്ത ലളിതമായ പുസതകശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>➢ ഓരോ സംസ്കൃതം പീറീഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക.<br>➢ വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>➢ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോർഴ്സ് അധ്യാപിക |
| **കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ** | ➢ ക്ലബ് രൂപീകരണം<br>➢ പഠനോപകരണ നിർമ്മാണം<br>➢ കലണ്ടർ നിർമ്മാണം<br>➢ ഗൃഹ സന്ദർശനം<br>➢ പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് , ചിത്രം | റിസോർഴ്സ് അധ്യാപിക |
| **മൽസര പരീക്ഷകൾക്ക് തയാറാക്കൽ** | ➢ ആനുകാലികങ്ങൾ വായിക്കാൻ നല്കുന്നു.<br>➢ എല്ലാ മാസവും ക്യിസ് മൽസരം നടത്തുന്നു.<br>➢ മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോർഴ്സ് അധ്യാപിക |
| **<u>ആസ്വാദന ലോകം</u>**<br>ഓരോ കുട്ടിയുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി. | ➢ നാടകം, കൂത്ത്, തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നല്കുന്നു.<br>➢ എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>➢ മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു.<br>➢ ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | 5 മാസം | സംസ്കൃതം ക്ലാസ് റൂം | റിസോർഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| **<u>പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ.</u>** | ➢ പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമികുന്നു.<br>➢ പ്രത്യേകം ക്ലാസ്സുകൾ നല്കുന്നു.<br>➢ ഗൃഹ സന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോർഴ്സ് അധ്യാപിക |
| **<u>ക്ലാസ് റൂം ആകർഷകം ആക്കുന്നതിന്.</u>** | ➢ ലൈബ്രറി ഒരുക്കുന്നു.<br>➢ അനുയോജ്യമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇള | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസരപഠനം (Std IV)

| | | | | |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# സാമൂഹ്യ ശാസ്ത്രം. യു.പി

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോദിക്കൽ,നേടിയെടുക്കൽ. | അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റി എടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക. | ഭൂകമ്പം,സുനാമി,കൊടുംകാറ്റ്,വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോൽസാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച് സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നല്കുന്നു. മിതവ്യായ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വസഹസ്താരകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് PTA |
| സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങള് നിമിഷനേരം കൊണ്ടെന്ന രീതിയിൽ ഉള്ള ചോദ്യോത്തര വേളകൾ സംഘടിപിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |

മേഖല : അക്കാദമികം

<u>സോഷ്യൽ സയൻസ്</u>

<u>ക്ലാസ് – ഹൈസ്കൂൾ സെക്ഷൻ</u>

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തൽ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിച്ചയപെടുത്തുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപിക | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവ് നിർമ്മാണം സൃഷ്ടിക്കുന്നു. മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ, എക്സ്പെർട് ആയിട്ടുള്ളവരെ കൊണ്ട് മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിക്കൽ. ദിനാചരണങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപിക | സാമൂഹ്യ ശാസ്ത്ര ക്ലബ് PTA & SMC |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിഎടുക്കുക | ഫീൽഡ് ട്രിപ്പ് നടത്തുന്നു. ICT സാധ്യത ഉപയോഗിച്ച് ചരിത്ര സ്മാരകങ്ങളെ കുറിച്ച് വിശകലനം നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപിക | സാമൂഹ്യ ശാസ്ത്ര ക്ലബ് PTA & SMC |